# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:12.11.2024**

### പ്രധാനവാർത്തകൾ

1) വയനാട്, ചേലക്കര മണ്ഡലങ്ങൾ നാളെ പോളിങ്ങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ മണ്ഡലങ്ങളിൽ പൂർത്തിയായി.

2) കൊച്ചിയിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം അലങ്കോലപ്പെടുത്താൻ ആസൂത്രിത ശ്രമം നടന്നതായി മന്ത്രി വി ശിവൻകുട്ടി

3) 2013ലെ വഖഫ് നിയമഭേദഗതിക്ക് മുൻകാല പ്രാബല്യം ഇല്ലെന്ന് ഹൈക്കോടതി. വഖഫ് ഭൂമി കൈവശം വച്ചത് സംബന്ധിച്ച കേസ് കോടതി റദ്ദാക്കി.

4) തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്യമപ്പാര് സ്ഥാപിച്ചിടത്ത് മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിയ്ക്ക് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ നാളെ തുടക്കം കുറിക്കും.

5) സംസ്ഥാനത്ത് ഇടവിട്ടുള്ള മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനിക്കും, എലിപ്പനിക്കുമെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

6) മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എം ടി പത്മ അന്തരിച്ചു.

***************

RNUTVPM

## ഉപതിരഞ്ഞെടുപ്പ്

വയനാട്, ചേലക്കര മണ്ഡലങ്ങൾ നാളെ പോളിങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ മണ്ഡലങ്ങളിൽ പൂർത്തിയായി. നാളെ രാവിലെ 7 മണി മുതൽ വൈകുന്നേരം ആറ് മണിവരെയാണ് വോട്ടെടുപ്പ്. പോളിങ് സാമഗ്രികളുടെ വിതരണം ഇന്ന് നടന്നു. വയനാട് പാർലമെൻറ് മണ്ഡലത്തിൽ 16 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്.വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽവ്യാപിച്ചു കിടക്കുന്ന മണ്ഡലത്തിൽ 14.71 ലക്ഷം വോട്ടർമാരാണുള്ളത്. പ്രത്യേക സുരക്ഷാ പട്ടികയിൽ ഉള്ള 11 ബൂത്തുകളടക്കം 1,354 പോളിങ് ബൂത്തുകളാണ് മണ്ഡലത്തിൽ ക്രമീകരിച്ചിരിക്കുന്നത്. ചേലക്കര നിയമസഭാ മണ്ഡലത്തിൽ 2.13 ലക്ഷം വോട്ടർമാരാണുള്ളത്. മണ്ഡലത്തിലെ 14 പ്രശ്നസാധ്യതാ ബൂത്തുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് സി.എ.പി.എഫ് ഉദ്യോഗസ്ഥരെയടക്കം വിന്യസിച്ചിട്ടുണ്ട്. വെബ്കാസ്റ്റിങ് സംവിധാനവും പോളിങ് ബൂത്തുകളിൽ ഏർപ്പെടുത്തി.

***************

## വയനാട് - വോട്ട് വണ്ടി

വയനാട് ഉരുൾപൊട്ടൽ ഉണ്ടായ വാർഡുകളിലെ വോട്ടർമാർക്കായി ചൂരൽ മലയിലും, മേപ്പാടിയിലും പ്രത്യേക ബൂത്തുകളും സജ്ജീകരിച്ചു. ദുരന്തമുഖത്ത് നിന്ന് താൽക്കാലികമായി പുനരധിവസിപ്പിച്ചവർക്കായി 'വോട്ട് വണ്ടി' സൗകര്യവും സജ്ജമാക്കിയിട്ടുണ്ട്.

***************

## അവധി

ഉപതെരഞ്ഞടുപ്പിന്റെ പശ്ചാത്തലത്തിൽ വയനാട്, ചേലക്കര മണ്ഡല പരിധിയിലെ എല്ലാ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. സ്വകാര്യ, വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ശമ്പളത്തോട് കൂടിയ അവധി ബാധകമാണ്.

RNUTVPM

ഈ മണ്ഡലങ്ങളിൽ വോട്ടുള്ളവരും, മണ്ഡലത്തിന് പുറത്ത് ജോലി ചെയ്യുന്നവരുമായ വോട്ടർമാർക്കും നാളെ ശമ്പളത്തോട് കൂടിയ അവധി ലഭിക്കും. പാലക്കാട് ഉപതിരഞ്ഞെടുപ്പിനോട് അനുബന്ധിച്ചും ഈ മാസം 20 ന് നിയമസഭാ മണ്ഡല പരിധിയിലെ എല്ലാ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

***************

## നിരോധനാജ്ഞ

വയനാട് ലോക്സഭ പരിധിയിൽ ഉൾപ്പെടുന്ന തിരുവമ്പാടി നിയോജകമണ്ഡലത്തിൽ ഇന്ന് വൈകുന്നേരം 6 മുതൽ നാളെ വൈകുന്നേരം 6 വരെ ജില്ലാ കളക്ടർ നിരോധനാജ്ഞയും പ്രഖ്യാപിച്ചിട്ടുണ്ട്. റാലികൾ, പൊതുയോഗങ്ങൾ, ജാഥകൾ എന്നിവ പാടില്ല.

***************

## ഝാർഖണ്ഡ്

ഝാർഖണ്ഡിലും നിയമസഭാ തിരഞ്ഞെടുപ്പിൻറെ ഒന്നാംഘട്ട വോട്ടെടുപ്പും നാളെ നടക്കും. 43 മണ്ഡലങ്ങളിലാണ് നാളെ പോളിങ്ങ് നടക്കുക.

RNU TVPM

***************

## സ്കൂൾ കായികമേള - വി ശിവൻകുട്ടി

കൊച്ചിയിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം അലങ്കോലപ്പെടുത്താൻ ആസൂത്രിത ശ്രമം നടന്നതായി മന്ത്രി വി ശിവൻകുട്ടി. പരിപാടി തടസ്സപ്പെടുത്തരുതെന്ന് തിരുനാവായ നാവാമുകുന്ദ, കോതമംഗലം മാർ ബേസിൽ സ്കൂളുകളോട് ആവർത്തിച്ച് അഭ്യർത്ഥിച്ചിട്ടും ഫലം ഉണ്ടായില്ലെന്നും മന്ത്രി പറഞ്ഞു. സ്കൂൾ പ്രതിനിധിയുമായി വേദിയിൽ വച്ച് തന്നെ കൂടിക്കാഴ്ച നടത്തുകയും, പരാതി ഗൗരവമായി കണക്കിലെടുക്കുമെന്നും ഉറപ്പ് നൽകുകയും ചെയ്തിട്ടും കായിക മേള അലങ്കോലമാക്കാനുള്ള ശ്രമം നടന്നതെന്നും മന്ത്രി പ്രതികരിച്ചു.

***************

## ആരോഗ്യ മന്ത്രി - ജാഗ്രത

പനിക്ക് സ്വയം ചികിത്സ തേടരുതെന്ന് ജനങ്ങളോട് ആരോഗ്യ മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് ഇടവിട്ടുള്ള മഴ തുടരുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനി, എലിപ്പനി

എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കണമെന്നും മന്ത്രി

മുന്നറിയിപ്പ് നൽകി. മലിന ജലത്തിലിറങ്ങിയവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളിക കഴിക്കണം. കൊതുകിന്റെ ഉറവിട നശീകരണം പ്രത്യേകം ശ്രദ്ധിക്കാനും മന്ത്രി നിർദേശം നൽകി. .

***************

## വഖഫ് -ഹൈക്കോടതി

2013ലെ വഖഫ് നിയമഭേദഗതിക്ക് മുൻകാല പ്രാബല്യം ഇല്ലെന്ന്

ഹൈക്കോടതി. കോഴിക്കോട്ടെ പോസ്റ്റൽ ഉദ്യോഗസ്ഥർക്ക് എതിരെ വഖഫ് ബോർഡ് കൊടുത്ത പരാതിയിൽ എടുത്ത

കേസ് ഹൈക്കോടതി റദ്ദാക്കി. ജസ്റ്റിസ് പി വി കുഞ്ഞികൃഷ്ണനാണ് ഉത്തരവ് ഇറക്കിയത്. പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്നത് വഖഫ് ഭൂമിയിൽ ആണെന്ന് ചൂണ്ടിക്കാട്ടി ബോർഡ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ്

കേസെടുത്തത്. 2013ൽ നിയമ ഭേദഗതി വരുന്നതിന് മുൻപ് 1999 മുതൽ പോസ്റ്റ് ഓഫീസ് അവിടെ

പ്രവർത്തിക്കുന്നുണ്ടെന്നായിരുന്നു ഹർജിക്കാരുടെ വാദം .

***************

## വയനാട് വഖഫ്

വയനാട് തലപ്പുഴയിൽ വർഷങ്ങളായി താമസിച്ചുവരുന്ന

അഞ്ചോളം കുടുംബങ്ങൾക്ക് വഖഫ് ബോർഡിന്റെ

നോട്ടീസ്. വഖഫിൻ്റെ ഭൂമി

അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് തലപ്പുഴ ഹിദായത്തുൽ ഇസ്‌ലാം ജമാഅത്ത് പള്ളിക്കമ്മിറ്റി ഭാരവാഹികൾ വഖഫ്

RNU TVPM

ബോർഡിന് നൽകിയ പരാതിയുടെ ആടിസ്ഥാനത്തിലാണ് ബോർഡ് നോട്ടീസ് അയച്ചത്.

***************

## ജോർജ് കുര്യൻ - കോട്ടയം

കോട്ടയം റെയിൽവേ സ്റ്റേഷനിൽ പുതുതായി നിർമ്മിച്ച ബുക്കിംഗ് കൗണ്ടർ, എസ്കലേറ്റർ എന്നിവയുടെ ഉദ്ഘാടനം കേന്ദ്ര മന്ത്രി ജോർജ് കുര്യൻ നിർവ്വഹിച്ചു. എം.പിമാരായ കെ.ഫ്രാൻസിസ് ജോർജ്, ജോസ്.കെ.മാണി ,തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

***************

## ജോർജ് കുര്യൻ - വിഴിഞ്ഞം

പ്രധാൻമന്ത്രി മത്സ്യ സമ്പാദ യോജനയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്യമപ്പാര് സ്ഥാപിച്ച പ്രദേശങ്ങളിൽ -കടലിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതിയ്ക്ക് നാളെ തുടക്കമാകും. വിഴിഞ്ഞം നോർത്ത് ഹാർബറിൽ നാളെ രാവിലെ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പദ്ധതി ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ ചടങ്ങിൽ അധ്യക്ഷനാകും. ദേശീയ ഫിഷറീസ് വികസന ബോർഡ് വഴിയാണ് പദ്ധതി നടപ്പാക്കുന്നത്.

PNU TVPM

***************

## പ്രത്യേക സ്റ്റോപ്പ്

വൈക്കത്തഷ്ടമി ഉത്സവത്തോടനുബന്ധിച്ച് വൈക്കം റോഡ് സ്റ്റേഷനിൽ പരശുറാം, വേണാട് എക്സ്പ്രസുകൾക്ക് പ്രത്യേക സ്റ്റോപ്പ് അനുവദിച്ചു. ഈ മാസം 21 മുതൽ 24 വരെ ഒരു മിനിറ്റ് നേരത്തെ താൽക്കാലിക സ്റ്റോപ്പാണ് അനുവദിച്ചത്.

***************

## എം ടി പത്മ

മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എം ടി പത്മ അന്തരിച്ചു. 80 വയസായിരുന്നു. വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് മുംബൈയിലായിരുന്നു അന്ത്യം. ഭൗതികദേഹം നാളെ കോഴിക്കോടെത്തിച്ച ശേഷം ഡിസിസി

ഓഫീസിൽ പൊതുദർശനം നടക്കും. 1991 മുതൽ 1995 വരെ കെ. കരുണാകരൻ മന്ത്രിസഭയിൽ ഫിഷറീസ്-ഗ്രാമ വികസന-രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയായിരുന്നു. എം ടി പത്മയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള നേതാക്കൾ അനുശോചനം രേഖപ്പെടുത്തി.

***************

## കല്പാത്തി രഥോത്സവം

കല്പാത്തി രഥോത്സവത്തിലെ ഒന്നാം തേരുത്സവം നാളെ നടക്കും. വെള്ളിയാഴ്ചയാണ് രഥോത്സവത്തിലെ പ്രധാന ആകർഷണമായ ദേവരഥ സംഗമം. അഞ്ചു ചെറു രഥങ്ങൾ അഗ്രഹാര വീഥികളിൽ പ്രയാണം നടത്തുന്ന അഞ്ചാം തിരുന്നാൾ ഇന്നലെ നടന്നു.

***************

## തിരുവാഭരണ ദർശനം ഇൻട്രോ)

മണ്ഡല -മകരവിളക്ക് തീർഥാടനത്തോടനുബന്ധിച്ചുള്ള തിരുവാഭരണ ദർശനം പന്തളത്ത് ഈ മാസം 16 മുതൽ ആരംഭിക്കും. വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....

(വോയിസ്)

***************

## അന്തർസംസ്ഥാനയോഗം

ശബരിമല മണ്ഡലകാലത്തോടനുബന്ധിച്ചു തമിഴ്നാട്ടിൽ നിന്നെത്തുന്ന തീർത്ഥാടകർക്ക്ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇടുക്കി തേനി അന്തർസംസ്ഥാനയോഗം ചേർന്നു. ഇടുക്കി, തേനി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലാണ് യോഗം ചേർന്നത്. തീർത്ഥാടനത്തിനെത്തുന്ന ഭക്തജനങ്ങളുടെ സുരക്ഷയ്ക്കായുള്ള പ്രവർത്തനങ്ങൾ തമിഴ്നാട്-കേരള സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുമെന്ന് കളക്ടർമാർ അറിയിച്ചു.

***************

RNUTVPM

## ഇടുക്കി (ഇൻട്രോ)

മറയൂരിൽ മുപ്പതിനായിരത്തിലധികം ചന്ദന തൈകൾ നട്ട് പിടിപ്പിച്ച് വനം വകുപ്പ്. ചന്ദന മരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവ് നികത്തുന്നതിൻ്റെ ഭാഗമായാണ് വനം വകുപ്പിൻ്റെ നടപടി.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......

(വോയിസ്)

***************

## പരീക്ഷകൾ മാറ്റിവെച്ചു

ഉപതിരഞ്ഞെടുപ്പിൻറെ പശ്ചാത്തലത്തിൽ, നാളെ നടത്താനിരുന്ന എല്ലാ പരീക്ഷകളും കേരള സർവ്വകലാശാല മാറ്റിവെച്ചു. പുതുക്കിയ തീയതി വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാ കേന്ദ്രങ്ങളിൽ മാറ്റമില്ല.

***************

## കേരള സർവ്വകലാശാല

നാലു വർഷ ബിരുദ കോഴ്സിൻറെ ഭാഗമായി പരീക്ഷാ ഫീസ് വർധിപ്പിച്ച നടപടിക്കെതിരെ കേരള സർവകലാശാലാ ആസ്ഥാനത്ത് കെ എസ് യു പ്രതിഷേധം. പ്രതിഷേധം ശക്തമായതിനെ തുടർന്ന് പോലീസ് വിദ്യാർത്ഥികളെ ബലംപ്രയോഗിച്ച് നീക്കി.

***************

## ഐ എസ് ആർ ഒ പ്രദർശനം

ഇന്ത്യയുടെ ബഹിരാകാശ ദൗത്യങ്ങളുടെ ചരിത്രവും സമീപകാല നേട്ടങ്ങളും ഉൾപ്പെടുത്തി ISRO ഒരുക്കുന്ന പ്രദർശന പരിപാടി തിരുവനന്തപുരം തൈക്കാട് മോഡൽ സ്കൂളിൽ ആരംഭിച്ചു.

***************

********

******

RNU TVPM